പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 950 **14-10-2026-ൽ മറുപടിയ്ക്ക്**

കഴക്കൂട്ടം മേഖലയിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കേരളത്തിന്റെ പ്രധാന ഐ.ടി വ്യവസായ മേഖലയും മികച്ച തൊഴിൽ മേഖലയും കൂടിയായ കഴക്കൂട്ടം മേഖലയിൽ വളരെ നാളുകളായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെക്നോപാർക്കിലെയും പുതിയ ഐ.ടി പാർക്കുകളിലെയും ജലദൗർലഭ്യം മൂലം പല ഐ.ടി കമ്പനികളും പ്രവർത്തനം നിർത്തുവാൻ നിർബന്ധിതരാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സാമ്പത്തിക, തൊഴിൽ മേഖലകളിൽ സംസ്ഥാനം നേരിടാൻ പോകുന്ന വെല്ലുവിളികൾക്ക് എന്ത് പരിഹാരമാർഗമാണ് മുന്നോട്ടുവയ്ക്കുന്നത് എന്ന് വിശദീകരിക്കാമോ;

മറുപടി: ടെക്നോപാർക്കിലും പുതിയ ഐ.ടി. പാർക്കുകളിലും ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെങ്കിലും, ഇതുമൂലം ഐ.ടി. കമ്പനികൾ പ്രവർത്തനം നിർത്തേണ്ടിവരുന്ന സാഹചര്യം നിലവിലില്ല. കാലപ്പഴക്കം ചെന്നതും നിരന്തരം പൊട്ടുന്നതുമായ പ്രീസ്ട്രസ്ഡ് കോൺക്രീറ്റ് (PSC) പൈപ്പുകളാണ് സുഗമമായ കുടിവെള്ള വിതരണത്തിന് പ്രധാന തടസ്സം. ഇവയ്ക്ക് പകരം പേരൂർക്കട മുതൽ മൺവിള വരെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരികയാണ്. 55% പുരോഗതി കൈവരിച്ച പ്രവൃത്തി പൂർത്തിയാകുന്നതോടെ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. കൂടാതെ, അരുവിക്കരയിൽ 100 MLD ശേഷിയുള്ള പുതിയ ജലശുദ്ധീകരണശാലയും അരുവിക്കര മുതൽ പേരൂർക്കട വരെ പുതിയ പൈപ്പ് ലൈനും സ്ഥാപിക്കുന്നതിനായി ₹197 കോടി ചെലവ് പ്രതീക്ഷിക്കുന്ന കരട് പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാകുന്നതോടെ കഴക്കൂട്ടം മേഖലയിലെ ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കുന്നതാണ്.

(സി) കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് പ്രാദേശികമായി ലഭ്യമായ ജലസ്രോതസ്സുകളായ കുളങ്ങളും കിണറുകളും പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മറുപടി: ഹരിതകേരളം (Tanks and Ponds) പദ്ധതിയുടെ ഭാഗമായി പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണവും, നവീകരണവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത

പദ്ധതിയുടെ ഭാഗമായി നവീകരണത്തിനായി ജലസ്രോതസ്സുകൾ തിരഞ്ഞെടുക്കുമ്പോൾ, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ ജലലഭ്യത വർധിപ്പിക്കുന്നതിനും പ്രദേശത്തെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകമാകുന്ന ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ